"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ പാലക്കാട് പുതുക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഷാജി ജെ., ഫയൽ ചെയ്ത **OA 1694/2025**-ന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ **06/10/2025** ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**361/2026/LSGD** തീയതി,തിരുവനന്തപുരം, **10-02-2026**

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **28/09/2025**-ലെ **LSGD/PD/I785/-DEA3** നമ്പർ ഉത്തരവ്
2. ശ്രീ. ഷാജി ജെ. സമർപ്പിച്ച **29/09/2025** ലെ അപേക്ഷ
3. **OA 1694/2025**-ന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **06/10/2025** ലെ അന്തിമ ഉത്തരവ്.
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **06/11/2025** ലെ **LSGD/PD/33497/2025-LL1** നമ്പർ കത്ത്.

**ഉത്തരവ്**

**24/07/2023** ന് തദ്ദേശ സ്വയം ഭരണ വകുപ്പ് പാലക്കാട് പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായി നിയമിതനായ ശ്രീ ഷാജി ജെ -ക്ക് **2025**-ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ടോ അല്ലാതെയോ അപേക്ഷ നൽകാതെ തന്നെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയ പരാമർശം **(1)** ഉത്തരവ് റദ്ദ് ചെയ്ത് നിലവിലെ സ്റ്റേഷനായ പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ തുടരുന്നതിന് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച പരാമർശം **(2)** അപേക്ഷ **(Annexure A4)** പരിഗണിച്ചു ഉത്തരവാകുന്നതുവരെ ടിയാനെ പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ നിലനിർത്തേണ്ടതാണെന്ന്, ശ്രീ. ഷാജി ജെ. ഫയൽ ചെയ്ത **OA 1694/2025**-ന്മേലുള്ള പരാമർശം **(3)** ഉത്തരവിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി.

**2)** മേൽ അപ്പീൽ സംബന്ധിച്ച്, പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ ശ്രീ. ഷാജി ജെ. ക്ക് പകരം മറ്റാരെയും നിയമിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാളെ ടി ഗ്രാമ പഞ്ചായത്തിൽ തന്നെ നിലനിർത്താവുന്നതാണ് എന്ന് പരാമർശം **(4)** പ്രകാരം

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ ശ്രീ. ഷാജി ജെ. ക്ക് പകരം മറ്റാരെയും നിയമിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ടിയാളെ പുതുക്കോട് ഗ്രാമ പഞ്ചായത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

4. OA 1694/2025-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷാജി ജെ., സെക്രട്ടറി, പുതുക്കോട് ഗ്രാമ പഞ്ചായത്ത്, പാലക്കാട്
*(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് കേരള (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം/തൃശ്ശൂർ
അഡ്വക്കേറ്റ് ജനറൽ,കേരള, തിരുവനന്തപുരം (*ആമുഖ കത്ത് സഹിതം*)
വിവര പൊതു ജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/245/2025-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 11-02-2026 10:18:26**

സെക്ഷൻ ഓഫീസർ